പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 2228 23/03/2012 ൽ മറുപടിയ്ക്ക്

**കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി സഹായം**

ചോദ്യം

ശ്രീ. കെ.കെ.ജയചന്ദ്രൻ

ഉത്തരം

ഡോ. എം.കെ.മുനീർ

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി

| | |
|---|---|
| (എ) ജന്മനാ ബധിരരും മൂകരുമായ കുട്ടികളെ കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.<br>1. 0-3 വയസ്സുവരെ പ്രായമുള്ള കുട്ടികളായിരിക്കണം. മൂന്ന് വയസ്സ് കഴിഞ്ഞ കുട്ടിയാണെങ്കിൽ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിക്കുമ്പോൾ ഇത്തരം കുട്ടികൾക്കും ശസ്ത്രക്രിയ നടത്തുന്നതു കൊണ്ട് പ്രയോജനം ഉണ്ടെന്ന് കണ്ടെത്തി ശുപാർശ ചെയ്യുകയാണെങ്കിൽ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.<br><br>2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപവരെ മാത്രമെ പാടുള്ളൂ.<br>3. കേരളത്തിലുള്ള കുട്ടികളായി രിക്കണം.<br>4. കുട്ടിയ്ക്ക് കേൾവിശേഷി ഇല്ലെന്നും കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി ആവശ്യമാണെന്നുമുള്ള വിദഗ്ദ്ധ ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരിഗണിയ്ക്കും. കോക്ലിയർ ഇംപ്ലാന്റേഷനും സർജറിയും ചെയ്യാൻ പറ്റാത്ത മറ്റ് ശാരീരിക രോഗങ്ങൾ കുട്ടിക്കുണ്ടായിരിക്കരുത്.<br>5. കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന കുട്ടികളുടെ രക്ഷകർത്താക്കൾ ശസ്ത്രക്രിയയ്ക്കു ശേഷം കുട്ടികൾക്ക് നിർബന്ധമായും സ്പീച്ച് തെറാപ്പിയും ശസ്ത്രക്രിയയ്ക്കു ശേഷമുള്ള തുടർ ചികിത്സയ്ക്കും തയ്യാറാകേണ്ടതാണ്.<br>6. ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന കുട്ടികളുടെ രക്ഷകർത്താക്കൾ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടിയ്ക്ക് കുറഞ്ഞത് ഒരു വർഷമെങ്കിലും ശസ്ത്രക്രിയയ്ക്കു ശേഷം ലഭിക്കേണ്ട പരിചരണം നിർബന്ധമായും നൽകുമെന്ന് ഉറപ്പ് നൽകേണ്ടതാണ്. |

| | |
|---|---|
| (ബി) മൂന്നു വയസ്സിൽ താഴെ പ്രായമുള്ളപ്പോൾ അപേക്ഷ നൽകിയിട്ടുള്ളതും എന്നാൽ പദ്ധതി നടപ്പിലാക്കാൻ വൈകിയതിനാൽ ഇപ്പോൾ മൂന്ന് വയസ്സ് കഴിഞ്ഞതുമായ കുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; | (ബി) സ്ക്രീനിംഗിന് വിധേയമായി ഉൾപ്പെടുത്തുന്നതാണ്. |
| (സി) ജോയിസ് മരിയ ജോസഫ്, മണ്ണൂർ വീട്, കാരിത്തോട്കര എന്ന കുട്ടിയുടെ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) ജോയിസ് മരിയ ജോസഫ് ശസ്ത്രക്രിയയ്ക്കായി തിരുവനന്തപുരം സാന്ത്വന ആശുപത്രിയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ആയതിനാൽ ടി കുട്ടിയുടെ അപേക്ഷ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി തിരുവനന്തപുരം റീജിയണൽ ടെക്നിക്കൽ കമ്മിറ്റിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) മൂന്നു വയസ്സിനു താഴെ പ്രായമുള്ളപ്പോൾ അപേക്ഷ സമർപ്പിച്ചിരുന്ന ഈ കുട്ടിയെ കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സ ലഭ്യമാക്കുമോ? | (ഡി) ജോയിസ് മരിയ ജോസഫ് അപേക്ഷ സമർപ്പിക്കുമ്പോൾ മൂന്ന് വയസ്സ് കഴിഞ്ഞ കുട്ടിയാണ്. മൂന്ന് വയസ്സു വരെയുള്ള കുട്ടികൾക്ക് പൊതുവിലും, മൂന്ന് വയസ്സ് കഴിഞ്ഞ കുട്ടികളിൽ വിജയകരമായി കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്താനാവുമെന്ന് ടെക്നിക്കൽ കമ്മിറ്റി കണ്ടെത്തി ശുപാർശ ചെയ്യുന്നവർക്കും പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിന് സർക്കാർ ഉത്തരവിൽ വ്യവസ്ഥയുള്ളതിനാൽ ടെക്നിക്കൽ കമ്മിറ്റി പരിഗണിക്കുകയാണെങ്കിൽ ടി കുട്ടിയ്ക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. |

R. Vijayesh

സെക്ഷൻ ഓഫീസർ